ഭരണഭാഷ - മാതൃഭാഷ

പൊതു വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹയർസെക്കന്ററി വിഭാഗം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ,
തിരുവനന്തപുരം

EX-II/01/28466/HSE/2023

തീയതി : 01 / 03/2023

# സർക്കുലർ

വിഷയം : പൊ.വി.വ. - RPwD ആക്ട് 2016 ലെ സെക്ഷൻ 2(r), 2(s) എന്നിവ പ്രകാരം പ്രത്യേക പരിഗണന അർഹിക്കുന്ന പരീക്ഷാർത്ഥികൾക്ക് പരീക്ഷാനൂകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചത് - സംബന്ധിച്ച്.

സൂചന : 1) 09/02/2023 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ നം. ഐ.ഇ.ഡി/ 865328/2023/ഡി.ജി.ഇ.

RPwD ആക്ട് 2016, സെക്ഷൻ 2(r), സെക്ഷൻ 2(s) – ന്റെ എന്നിവ പ്രകാരം പ്രത്യേക പരിഗണന അർഹിക്കുന്ന പരീക്ഷാർത്ഥികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എഴുത്തുപരീക്ഷകൾക്കും മത്സരപരീക്ഷകൾക്കും നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

സെക്ഷൻ 2(s) പ്രകാരം 40% ത്തിൽ താഴെ പരിമിതി നേരിടുന്ന പരീക്ഷാർത്ഥികൾക്ക് നിശ്ചിത പ്രൊഫോർമയിൽ മെഡിക്കൽ അതോറിറ്റി നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സ്ക്രൈബിന്റെ സേവനം അനുവദിച്ച് നൽകാവുന്നതാണ്. സ്കൂളിൽ നിന്നും അർഹരായവരുടെ അപേക്ഷ സ്വീകരിച്ച് മതിയായ രേഖകൾ സൂക്ഷ്മ പരിശോധന നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ സ്ക്രൈബ്, പരിഹാര സമയം എന്നിവ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ 04/03/2023 ന് അകം iEXAMS -ൽ ലഭ്യമായ ഐ.ഇ.ഡി ലിങ്ക് വഴി അതാത് റീജിണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ലഭ്യമാക്കേണ്ടതാണ്.

മേഖലാ ഉപമേധാവിമാർ മാർഗ്ഗരേഖ പരിശോധിച്ച് ലഭ്യമായ അപേക്ഷകൾ 07/03/2023- ന് മുമ്പായി ഓൺലൈനിലൂടെ തീർപ്പാക്കേണ്ടതാണ്. <u>ഈ ഉത്തരവ് വൊക്കേഷണൽ ഹയർ സെക്കന്ററിക്കും ബാധകമാണ്.</u>

പൊതുവിദ്യാഭ്യാസ ഡയറക്ടർ

ഉള്ളടക്കം : മാർഗ്ഗരേഖ

പകർപ്പ് : എല്ലാ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും ആർ.ഡി.ഡി. മാർക്കും.

## RPwD ആക്ട് 2016 ലെ സെക്ഷൻ 2(r), 2(s) പ്രകാരം പ്രത്യേക പരിഗണന അർഹിക്കുന്ന പരീക്ഷാർത്ഥികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എഴുത്ത് പരീക്ഷകൾക്കും മത്സരപരീക്ഷകൾക്കും നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖ

### ആമുഖം

RPwD Act 2016 സെക്ഷൻ 2(r) പ്രകാരം, വിവിധ വിഭാഗങ്ങളിൽപ്പെട്ട പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായി എഴുത്തുപരീക്ഷകൾക്കും മത്സര പരീക്ഷ കൾക്കും നൽകേണ്ട ആനുകൂല്യങ്ങൾ വിശദമാക്കി കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം 2018 ആഗസ്റ്റ് 29-ാം തീയതി F.No.34-02/2015-DD-III പ്രകാരം ഓഫീസ് മെമ്മോറാണ്ടം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 10/08/2022 ൽ ഓഫീസ് മെമ്മോറാണ്ടം F.No.29-6/2019- DD-III പ്രകാരം RPwD ആക്ട് 2016 ലെ സെക്ഷൻ 2(s) ൽ ഉൾപ്പെടുന്ന 40 ശതമാനത്തിൽ താഴെ പരിമിതിയുള്ള എഴുതാൻ പ്രയാസമുള്ളവർക്ക് പരീക്ഷ ആനുകൂല്യം നൽകുന്നതിനായി വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസവകുപ്പിന്റെ 25/10/2022 ലെ സ.ഉ.(കൈ) നം. 196/2022 പ്രകാരം RPwD ആക്ട് 2016 സെക്ഷൻ 2(r), സെക്ഷൻ 2(s) പ്രകാരം പരീക്ഷ ആനുകൂല്യം അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എഴുത്ത് പരീക്ഷകൾക്കും മത്സരപരീക്ഷകൾക്കും നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. ഈ ആനുകൂല്യങ്ങൾ വിവിധ ടേം പരീക്ഷകൾ, പൊതുപരീക്ഷകൾ / സപ്ലിമെന്ററി പരീക്ഷകൾ, മത്സര പരീക്ഷകൾ എന്നിവയ്ക്കും ബാധകമാണ്.

RPwD Act 2016 പ്രകാരം താഴെ പറയുന്ന വൈകല്യങ്ങൾക്കാണ് സെക്ഷൻ 2(r), സെക്ഷൻ 2(s) പ്രകാരം പരീക്ഷാനുകൂല്യങ്ങൾ അനുവദിച്ചു നല്കുന്നത്.

1. കാഴ്ച പരിമിതി (Visually Impaired)
2. ലോവിഷൻ (Low vision)
3. ലെപ്രസി ക്യുവേർഡ് (Leprosy cured persons)
4. ശ്രവണ പരിമിതി (Hearing Impairment-Deaf and Hard of hearing)
5. ലോകോ-മോട്ടോർ ഡിസ്എബിലിറ്റി (Loco-motor Disability)
6. ഡ്വാർഫിസം (Dwarfism)
7. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ (MR/ID) (Mentally Retarded, Intellectual Disability)
8. മെന്റൽ ഇൽനസ്സ് (Mental Illness)
9. ഓട്ടിസം സ്പെക്ട്രം ഡിസ് ഓർഡർ (Autism Specturm Disorder)

10. മസ്തിഷ്ക സംബന്ധമായ വൈകല്യം (Cerebral Palsy)
11. മസ്കുലർ ഡിസ്ട്രോഫി (Muscular Distrophy)
12. ക്രോണിക് ന്യൂറോളജിക്കൽ കണ്ടീഷൻസ് (Chronic Neurological Conditions)
13. പഠനവൈകല്യം (Specific Learning Disability)
14. മൾട്ടിപ്പിൾ സ്ക്ലീറോസിസ് (Multiple Sclerosis)
15. സ്പീച്ച് ആന്റ് ലാങ്വേജ് ഡിസ്എബിലിറ്റി (Speech and language Disability)
16. തലാസ്സീമിയ (Thalassemia)
17. ഹീമോഫീലിയ (Hemophilia)
18. സിക്കിൾസെൽ ഡിസീസ് (Sickle Cell Diseases)
19. മൾട്ടിപ്പിൾ ഡിസ്എബിലിറ്റീസ് ഇൻക്ലൂഡിംഗ് ഡെഫ്ബ്ലൈൻഡ്നസ്സ് (Multiple Disabilities including Deafblindness)
20. ആസിഡ് അറ്റാക്ക് വിക്ടിം (Acid Attack Victim)
21. പാർക്കിൻസൺസ് ഡിസീസ് (Parkinson's Disease)

## RPwD ആക്ട് 2016 സെക്ഷൻ 2(r), സെക്ഷൻ 2(s) പ്രകാരം അനുവദിക്കുന്ന പരീക്ഷാനുകൂല്യങ്ങൾ - പൊതുനിർദ്ദേശങ്ങൾ

1. പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷാനുകൂല്യങ്ങൾ ലഭിക്കണമെങ്കിൽ സർക്കാർ അംഗീകൃത മെഡിക്കൽ ബോർഡ് / അതോറിറ്റി നൽകുന്ന നിശ്ചിത മാതൃകയിലുള്ള ഡിസ്എബിലിറ്റി സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.

2. പൊതുപരീക്ഷാനുകൂല്യം ലഭിക്കുന്നതിന് അർഹതപ്പെട്ട വിദ്യാർത്ഥികൾ പ്രിൻസിപ്പാൾ ന് മതിയായ രേഖകൾ നിശ്ചിത ഫോർമാറ്റിൽ (APPENDIX 1) സമർപ്പിക്കേണ്ടതാണ്. വിദ്യാർത്ഥികളുടെ പഠന ശാരീരിക മാനസിക പരിമിതി കൾ പരിഗണിച്ച് അതാത് ജില്ലാ വിദ്യാഭ്യാസഓഫീസർമാർ / റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ / അസിസ്റ്റന്റ് ഡയറക്ടർ ശുപാർശ ചെയ്യുന്ന അപേക്ഷയിന്മേൽ ഹയർസെക്കന്ററിക്ക് മേഖലാ ഉപമേധാവിമാർ ആയിരിക്കും പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് സ്ക്രൈബ് / ഇന്റർപ്രെട്ടർ / ലാബ് അസിസ്റ്റന്റ്/ റീഡർ /പരിഹാര സമയം / ഗ്രേസ് മാർക്ക് എന്നിവ അനുവദിച്ച് ഉത്തരവാകുന്നത്.

3. പൊതുപരീക്ഷയുടെ സ്വഭാവവും ആവശ്യകതയും പരിഗണിച്ച് ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പൽ ആവശ്യമെങ്കിൽ റിസോഴ്സ് അദ്ധ്യാപകരുടെ ശുപാർശ കൂടി പരിഗണിച്ചുകൊണ്ട് സ്ക്രൈബ് / ഇന്റർപ്രെട്ടർ/ ലാബ് അസിസ്റ്റന്റ്/ റീഡർ എന്നിവരുടെ പാനൽ തയ്യാറാക്കി അതാത് മേഖലാ ഉപമേധാവിയുടെ അനുമതി വാങ്ങേണ്ടതാണ്. ഇങ്ങനെ തയ്യാറാക്കുന്ന പാനലിലേക്ക് പരീക്ഷാർത്ഥികൾ നിർദ്ദേശിക്കുന്നവരേയും പരിഗണിക്കാവുന്നതാണ്.

4. പരീക്ഷാർത്ഥിക്ക് അനുവദിക്കുന്ന സ്ക്രൈബ് / ഇന്റർപ്രെട്ടർ / ലാബ് അസിസ്റ്റന്റ്/ റീഡർ എന്നിവർ പരീക്ഷാർത്ഥിയുടെ ബന്ധുക്കളോ പരിശീലകരോ ആകരുത്. പരീക്ഷാർത്ഥി ആവശ്യപ്പെടുന്ന പക്ഷം പരീക്ഷയ്ക്ക് രണ്ടു ദിവസം മുൻപെങ്കിലും സ്ക്രൈബുമായി കൂടിക്കാഴ്ചയ്ക്ക് അവസരം ഒരുക്കേണ്ടതാണ്.

5. പരീക്ഷാ ബോർഡ് നിർദ്ദേശിക്കുന്ന സ്ക്രൈബ് / ഇന്റർപ്രെട്ടർ / ലാബ് അസിസ്റ്റന്റ്/ റീഡർ എന്നിവരുടെ യോഗ്യത പരീക്ഷയുടെ മിനിമം യോഗ്യതയിൽ കവിയാൻ പാടുള്ളതല്ല. പരീക്ഷാർത്ഥി സ്ക്രൈബിനെ നിർദ്ദേശിക്കുന്ന സാഹചര്യത്തിൽ സ്ക്രൈബിന്റെ യോഗ്യത പരീക്ഷാർത്ഥിയുടേതിലും ഒരു ക്ലാസ് താഴെയെങ്കിലുമായിരിക്കേണ്ടതാണ്.

6. സ്ക്രൈബ് / ഇന്റർപ്രെട്ടർ / ലാബ് അസിസ്റ്റന്റ്/ റീഡർ ആയി നിയമനം ലഭിക്കുന്നവർ പരീക്ഷാ ചുതമല ഏറ്റെടുക്കുന്നതിനു മുൻപായി നിശ്ചിത ഫോറം (APPENDIX II) പൂരിപ്പിച്ച് ചീഫ് സൂപ്രണ്ടിന് സമർപ്പിക്കേണ്ടതാണ്. പരീക്ഷാർത്ഥി സ്വയം കണ്ടെത്തിയ സ്ക്രൈബിന്റെ സേവനമാണ് ഉപയോഗിക്കുന്നതെങ്കിൽ, പരീക്ഷാർത്ഥി APPENDIX III സമർപ്പിക്കേണ്ടതാണ്.

7. മതിയായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ പരീക്ഷാർത്ഥിയുടെ ആവശ്യപ്രകാരമോ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസറുടെ നിർദ്ദേശ പ്രകാരമോ സ്ക്രൈബ് / ഇന്റർപ്രെട്ടർ/ ലാബ് അസിസ്റ്റന്റ്/ റീഡർ എന്നിവരെ മാറ്റാവുന്നതും പ്രസ്തുത പാനലിലുള്ള മറ്റൊരാളെ പകരം സഹായിയായി ഉൾപ്പെടുത്താവുന്നതുമാണ്. എന്നാൽ ഒരു വിഷയത്തിന് ഒരു സ്ക്രൈബ് / ഇന്റർപ്രെട്ടർ/ ലാബ് അസിസ്റ്റന്റ്/ റീഡറിനെ മാത്രമേ അനുവദിക്കാവൂ.

8. സ്ക്രൈബ് / ഇന്റർപ്രെട്ടർ/ ലാബ് അസിസ്റ്റന്റ്/ റീഡർ എന്നിവരുടെ സേവനം ഉപയോഗിച്ച് പരീക്ഷ എഴുതുന്ന പരീക്ഷാർത്ഥികൾക്ക് ഏറ്റവും സൗകര്യപ്രദമായ സംവിധാനങ്ങളും ഇരിപ്പിടങ്ങളും ഒരുക്കേണ്ടതാണ്. താഴത്തെ നിലയിലുള്ളതും പ്രവേശന കവാടത്തോട് ചേർന്നുള്ളതുമായ മുറിയായിരിക്കണം പരീക്ഷയ്ക്കായി സജ്ജീകരിക്കേണ്ടത്. ഈ മുറികളിൽ പരീക്ഷകന്റെ സേവനം നിർബന്ധമായും ഉണ്ടായിരിക്കണം. പരീക്ഷ നടത്തുന്നതിന് മുന്നോടിയായി പരീക്ഷാർത്ഥിക്ക് ഒരുക്കിയിട്ടുള്ള പിന്തുണാസംവിധാനങ്ങളുടെയും ഉപകരണങ്ങളുടെയും വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും അതിനനുസരിച്ചുള്ള ക്രമീകരണങ്ങൾ സജ്ജീകരിക്കേണ്ടതുമാണ്.

9. പ്രത്യേക പരിഗണന അർഹിക്കുന്ന പരീക്ഷാർത്ഥികളുടെ ഉത്തരക്കടലാസിന്റെ മുകളിൽ പരീക്ഷാനുകൂല്യം അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് നമ്പർ, അനുവദിക്കപ്പെട്ട ആനുകൂല്യം എന്നിവ പ്രത്യേകം രേഖപ്പെടുത്തേണ്ടതില്ല.

10. പരീക്ഷാർത്ഥിക്ക് പരിമിതികൾ മറികടക്കുന്നതിനാവശ്യമായ സഹായക ഉപകരണങ്ങൾ ആവശ്യമെങ്കിൽ അനുവദിക്കാവുന്നതാണ്.

## RPwD ആക്ട് 2016 സെക്ഷൻ 2(r) പ്രകാരം നൽകാവുന്ന പരീക്ഷാനുകൂല്യങ്ങൾ

1. മെഡിക്കൽ ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ പരീക്ഷ ആനുകൂല്യങ്ങൾ അനുവദിക്കുവാൻ കഴിയുകയുള്ളു.

2. കാഴ്ചപരിമിതി, ചലനപരിമിതി, ഇരുകൈകൾക്കുമുള്ള ചലന പരിമിതി, സെറിബ്രൽ പാൾസി എന്നിവയുള്ള വിദ്യാർത്ഥികൾക്ക് സ്ക്രൈബ് / ഇന്റർപ്രെട്ടർ / ലാബ് അസിസ്റ്റന്റ്/ റീഡർ എന്നിവരിൽ ആരുടെയെങ്കിലും സേവനം അവർ ആവശ്യപ്പെടുന്ന പക്ഷം മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചു നൽകാവുന്നതാണ്. എന്നാൽ മറ്റു വിഭാഗം പരിമിതികളുള്ള വിദ്യാർത്ഥികൾ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിനൊപ്പം സർക്കാരിന്റെ ആരോഗ്യ പരിപാലന കേന്ദ്രങ്ങളിലെ Chief Medical Officer / Civil Surgeon / Medical Superintendent എന്നിവർ നൽകുന്ന നിശ്ചിത പ്രൊഫോർമയിലുള്ള (APPENDIX IV) സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം സ്ക്രൈബ് / ഇന്റർപ്രെട്ടർ / ലാബ് അസിസ്റ്റന്റ്/ റീഡർ എന്നിവരുടെ സഹായം ലഭ്യമാക്കാവുന്നതാണ്.

3. 40 ശതമാനമോ അതിൽ കൂടുതലോ കാഴ്ച പരിമിതിയുള്ള വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതിന് സാധ്യമെങ്കിൽ ബ്രെയിലി ലിപി , കംപ്യൂട്ടർ സഹായം, ലാർജ് പ്രിന്റ്, ഉത്തരങ്ങൾ റെക്കോർഡ് ചെയ്യുന്ന രീതി എന്നിവ പ്രയോജനപ്പെടുത്താവുന്നതാണ്. കാഴ്ച പരിമിതിയുള്ള വിദ്യാർത്ഥികൾക്ക് magnifying glass ഉപയോഗിക്കാൻ അനുവാദം നൽകാവുന്നതുമാണ്.

4. ബ്രെയിലി സ്ലേറ്റ്, അബാക്കസ്, ജ്യോമെട്രി കിറ്റ്, ബ്രെയിലി മെഷറിംഗ് ടേപ്പ്, ടോക്കിങ് കാൽക്കുലേറ്റർ (കാൽക്കുലേറ്റർ അനുവദനീയമായ പരീക്ഷകൾക്കു മാത്രം) എന്നീ അനിവാര്യമായ സഹായ സംവിധാനങ്ങൾ പരീക്ഷാർത്ഥിക്ക് ആവശ്യമെങ്കിൽ ഉപയോഗിക്കാം.

5. ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിപരമായ പരിമിതി എന്നിവയുള്ള കുട്ടികളുടെ രക്ഷാകർത്താക്കൾക്ക്, (ആവശ്യമുണ്ടെങ്കിൽ മാത്രം) സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ ശുപാർശ പ്രകാരം ചീഫ് സൂപ്രണ്ടിന്റെ അനുമതിയോടെ പരീക്ഷാ ഹാളിൽ പ്രവേശനം അനുവദിക്കാവുന്നതാണ്. എന്നാൽ രക്ഷാകർത്താവ് ഉത്തരം എഴുതുന്നതിന് പരീക്ഷാർത്ഥിയെയോ സ്ക്രൈബിനെയോ സഹായിക്കാൻ പാടില്ല.

6. സ്ക്രൈബ് / ഇന്റർപ്രെട്ടർ / ലാബ് അസിസ്റ്റന്റ്/ റീഡർ എന്നിവരുടെ സേവനം ഉപയോഗിച്ച് പരീക്ഷ എഴുതുന്നവർക്കും ഈ സേവനം ഉപയോഗിക്കാതെ പരീക്ഷ എഴുതുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കും **മണിക്കൂറിന് 20 മിനിട്ടിൽ കുറയാത്ത പരിഹാരസമയം** അനുവദിക്കാവുന്നതാണ്.

7. ഹയർസെക്കന്ററി പരീക്ഷ എഴുതുന്ന 40% മോ അതിൽ കൂടുതലോ പരിമിതിയുള്ള 21 വിഭാഗത്തിൽപ്പെട്ട പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ഹയർസെക്കന്ററി പരീക്ഷ വിജയിക്കുന്നതിന് വേണ്ടി മാത്രം

ഓരോ വിഷയത്തിനും അവർ എഴുതി നേടുന്ന മാർക്കിന്റെ 25% ഗ്രേസ്മാർക്ക് അനുവദിക്കുന്നതാണ്.

8. പരീക്ഷാർത്ഥി കംപ്യൂട്ടർ ഉപയോഗിക്കുന്നുവെങ്കിൽ അത് പരീക്ഷാർത്ഥിയെ മുൻകൂട്ടി പരിചയപ്പെടുത്തുകയും പരിശോധിച്ച് കുറ്റമറ്റതാണെന്ന് ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. പരീക്ഷാർത്ഥി സ്വന്തം കംപ്യൂട്ടർ പരീക്ഷയ്ക്ക് ഉപയോഗിക്കാൻ പാടില്ല എന്നാൽ കീ-ബോർഡ്, മൗസ് എന്നിവ അനുവദനീയമാണ്.

## RPwD ആക്ട് 2016 സെക്ഷൻ 2(s) പ്രകാരം നൽകാവുന്ന പരീക്ഷാനുകൂല്യങ്ങൾ

1. RPwD ആക്ട് 2016 ലെ സെക്ഷൻ 2(s) പ്രകാരം 40 ശതമാനത്തിൽ താഴെ പരിമിതിയുള്ളതും എഴുതാൻ പ്രയാസമുള്ളതുമായ പരീക്ഷാർത്ഥികൾ APPENDIX V പ്രകാരമുള്ള നിശ്ചിത പ്രൊഫോർമയിൽ സാക്ഷ്യപത്രം ഹാജരാക്കുന്ന മുറയ്ക്ക് സ്ക്രൈബ് , പരിഹാരസമയം എന്നിവ അനുവദിച്ചു നൽകുന്നതാണ്.

2. RPwD ആക്ട് 2016 ലെ സെക്ഷൻ 2(s) പ്രകാരം 40 ശതമാനത്തിൽ താഴെ പരിമിതിയുള്ളതും എഴുതാൻ പ്രയാസമുള്ളതുമായ പരീക്ഷാർത്ഥികൾക്ക് സ്ക്രൈബിന്റെ സഹായം മാത്രമേ അനുവദിക്കുകയുള്ളു. സ്ക്രൈബിനെ അനുവദിക്കുന്നവർക്ക് മാത്രമേ മണിക്കൂറിന് 20 മിനിറ്റ് പരിഹാരസമയം അനുവദിക്കാവു.

3. സ്ക്രൈബിന്റെ സേവനം ഉപയോഗിച്ച് പരീക്ഷ എഴുതുന്നവർ മേഖലാ ഉപമേധാവിമാർ ലഭ്യമാക്കിയ സ്ക്രൈബിന്റെ ഉത്തരവ് ചീഫ് സൂപ്രണ്ടിന് സമർപ്പിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

## APPENDIX - 1

## GOVERNMENT OF KERALA

## DIRECTORATE OF GENERAL EDUCATION (HIGHER SECONDARY)

## APPLICATION FOR CONCESSIONS TO DIFFERENTLY ABLED CANDIDATE

1. Name of examination : First year | Second year | March ......

2. Examination centre code No. : [ ][ ][ ][ ][ ]

3. Name of the examination centre :

4. Name of the candidate :

5. Address for communication :

6. Register No. of the candidate : [ ][ ][ ][ ][ ][ ][ ]

7. Nature and percentage of disability :

8. Nature of concessions eligible :

   [Tick mark the relevant boxes] :

   1. Extra time
   2. Service of scribe
   3. Exemption from drawing diagrams
   4. Grace mark
   5. Service of Interpreter
   6. Exemption from attending second language

Place:

Date :

*Signature of the candidate*

## Certificate of the Principal

Certified that the above candidate is eligible for concession applicable to differently abled candidates and the original documents submitted by the candidate have been verified and found genuine.

*Place* :

*Date* : *(Office Seal)* *Signature of the Principal*

*Name*

*Designation*

Documents attached

1. Medical Certificate from the Medical Board – Attested copy
2. Details of the scribe (if necessary)

**APPENDIX- II**

**Letter of under taking for Scribe/Interpreter**

---------------------------------------------------------------------

----------------------------------------------------------------------- (Name & Address)

will provide service as scribe /Interpreter/Reader/Lab Assistant for------------ ------------------------------ (name of candidate) with ------------------------------ {nature of disability) appearing for the ------------------------------ examination---------------- (year) bearing roll number-------------------------- at -- ------------------------------------------ (name of the centre).

Name and signature of Scribe

I ------------------------------------------------------- (name of the candidate) willingly accept the above mentioned person as my scribe/ interpreter for the ----------- ---------------------------examination------------------------------------------ (year).

Name and signature of Candidate

**Office use only**

The above mentioned particulars have been verified and is approved.

(Seal) Signature of the Chief Examiner

**Appendix - III**

**Letter ofUndertaldng for using own Scribe**

I -------------------------------------------- a candidate with---------------------- (name of the disability) appearing for the ------------------------------------- (name of the examination) bearing Roll No. ------------------ at------------------------------------------ - (name of the centre) in the District-----------------------------------------------------, ------ - ------------------------- (name of the State). My qualification is ---------------------------.

I do hereby state that------------------------------------ (name of the scribe) will provide the service of scribe/ reader/ lab assistant for the undersigned for taking the aforesaid examination.

I do hereby undertake that his qualification is ----------------------------- --.In case, subsequently it is found that his qualification is not as declared by the undersigned and is beyond my qualification, I shall forfeit my right to the post and claims relating thereto,

(Signature of the candidate with Disability)

Place

Date

**Appendix - IV**

**Certificate regarding physical limitation in an examination to write**

This is to certify that I have examined Mr/Ms/Mrs ------------------------- -

-----------------------------------------(name of the candidate with address), a person

with ----------------------------------(nature & percentage of disability as mentioned

in certificate of disability), ), 5/o / D/o--------------------------------------------------------,

a resident of ---------------------------------------- (Village/District/ State)

and to state that he/ she has physical limitation which hampers his/ her writing

capabilities owing to his/ her disability.

Signature

Chief Medical Officer/ Civil Surgeon/ Medical Superintendent of a

Government health care institution

Name & Designation

Name of Government Hospital/ Health Care Centre with seal

Place

Date

**Note:**

Certificate should be given by a specialist of the relevant stream/ disability. (eg. Visual Impairment - ophthalmologist, Locomotor disability - orthopaedic specialist/ PMR).

**Appendix-V**

Certificate for person with specified disability covered under definition Section 2 (s) of the RPwD Act, 2016 but not covered under the definition of Section 2 (r) of the said Act, i.e. persons having less than 40% disability and having difficulty in writing.

This is to certify that, we have examined Mr/Ms/Mrs---------------------------------- (name of the candidate), S/o / D/o --------------------------------------------, resident of --------------------------------(Village/PO/PS/District/State), aged ------ years, a person with ----------------------------------(nature of disability/ condition), and to state that he/ she has limitation which hampers his/ her writing capability owing to his/ her above condition. He/she requires support of scribe for writing the examination.

The above candidate uses aids and assistive device such as prosthetics & orthotics, hearing aid (name to be specified) which is/are essential for the candidate to appear at the examination with the assistance of scribe.

This certificate is issued only for the purpose of appearing in written examinations conducted by recruitment agencies as well as academic institutions and is valid upto -------------- (it is valid for maximum period of six months or less as may be certified by the medical authority).

Signature of medical authority

| Signature & Name | Signature & Name | Signature &Name | Signature & Name | Signature & Name |
|---|---|---|---|---|
| Orthopaedic/ PMR specialist | Clinical Psychologist/ Rehabilitation Psychologist/ Psychiatrist/ Special Educator | Neurologist (If available) | Occupational therapist (If available) | Other Expert, as nominated by the Chairperson (if any) |
| (Signature & Name) | | | | |
| Chief Medical Officer/ Civil Surgeon/ Chief District Medical Officer--------------------- Chairperson. | | | | |

Name of Government Hospital/ Health Care Centre with Seal

Place:

Date:

Appendix - VI

Letter of undertaking by the pei-son with specified disability covered under the definition of Section 2 (s) of the RPwD Act, but not covered under the definition of Section 2 (r) of the said Act, i.e. persons having less than 40% disability and having difficulty in writing.

I -----------------------------------, a candidate with -----------------------------(nature of disability/ condition) appearing for the --------------------------------- (name of the examination) bearing Roll No. --------------------- at ----------------------------------------- -{name of the centre) in the District--------------------------------, --------------------------- -(name of the State). My educational qualification is--------------------------------

I do hereby state that ----------------------------------- (name of the scribe) will provide the service of scribe for the undersigned for taking the aforementioned examination.

I do hereby undertake that his qualification is -------------------------------- --. In case, subsequently it is found that his qualification is not s declared by the undersigned and is beyond my qualification. I shall forfeit my right to the post or certificate/ diploma/ degree and claims relating thereto.

Signature of the candidate

(countersignature by the parent/ guardian, if the candidate is minor)

Place

Date